**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 7, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

കരട് വോട്ടർ പട്ടികയിലെ ക്രമക്കേടുകൾ

മി. സ്പീക്കർ : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിനായി ജൂലൈ 1-ന് പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വ്യാപകമായ ക്രമക്കേടുകൾ കടന്നുകൂടിയിരിക്കുന്നതായും ജനപ്രാതിനിധ്യ നിയമവും പഞ്ചായത്ത് രാജ്-നഗരപാലിക നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിൽ അത് തിരുത്തുന്നതിനുള്ള സാഹചര്യം സർക്കാരിന്റെ അനാവശ്യമായ ഇടപെടൽമൂലം ഇല്ലാതായിരിക്കുന്നതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, തോമസ് ചാഴികാടൻ, പി.കെ.

അബ്ദുറബ്ബ്, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായും ചിട്ടയോടെയും നടത്താനാവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുക എന്നതൊഴിച്ച് വോട്ടർ പട്ടിക തയ്യാറാക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നത് ഇലക്ഷൻ കമ്മീഷനാണ്. വോട്ടർ പട്ടികയുടെ കരട് ജൂലൈ 1-ാം തീയതി ഇലക്ഷൻ കമ്മീഷൻ പ്രസിദ്ധീകരിക്കുകയും തിരുത്തലുകളും കൂട്ടി ച്ചേർക്കലുകളും വരുത്തുന്നതിനായി ജൂലൈ 15 വരെ സമയം അനുവദിക്കു കയും ചെയ്തിട്ടുണ്ട്. പരിശോധനകൾക്കുശേഷം 10-08-2010-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞതിനുശേഷവും പേര് ചേർക്കുന്നതിനും ഒഴിവാ ക്കുന്നതിനുമുള്ള അപേക്ഷ നൽകാവുന്നതാണ്. ഇക്കാര്യങ്ങളെല്ലാം ചെയ്യു ന്നത് തെരഞ്ഞെടുപ്പ് കമ്മീഷനായതുകൊണ്ട് സർക്കാർ ഒരു തരത്തിലും ഇടപെടുന്നില്ല. പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ : സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങ ളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുവേണ്ടി ജൂലൈ 1-ാം തീയതി പ്രസിദ്ധീക രിച്ച കരട് വോട്ടർ പട്ടികയിൽ വ്യാപകമായ ക്രമക്കേടുകൾ കടന്നുകൂടിയിരി ക്കുകയാണ്. വോട്ടർമാരുടെ പേരുകൾ കൂട്ടത്തോടെ വെട്ടിമാറ്റപ്പെടുകയും ഒരു വാർഡിലെ വോട്ടർമാർ കൂട്ടത്തോടെ മറ്റൊരു വാർഡിലേയ്ക്ക് മാറ്റപ്പെടു കയും ചെയ്തിരിക്കുന്നു. നൂറുകണക്കിന് പഞ്ചായത്തുകളിൽനിന്നും ഇത്തര ത്തിലുള്ള പരാതികൾ ഉണ്ടാകുന്നുണ്ട്. ജൂലൈ 15-ാം തീയതി വരെ

പരാതികൾ കറക്ട് ചെയ്യാനുള്ള സമയപരിധിയുണ്ടെന്ന് പറയുന്നുണ്ട്. അത്ത രത്തിൽ തിരുത്തലുകൾ വരുത്താൻ കഴിയുന്ന കാര്യങ്ങളാണോ പുറത്തു വന്നിരിക്കുന്നതെന്ന് വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകണം. കരട് വോട്ടർ പട്ടിക തയ്യാറാക്കാൻ ആധാരമാക്കിയ 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയിൽനിന്നും വലിയ അന്തരമാണ് ഇപ്പോഴുള്ള വോട്ടർപട്ടികയിലുള്ളത്. നിയമങ്ങളും ചട്ടങ്ങളും ഡീലിമിറ്റേഷൻ ഉത്തരവുകളും മറികടന്നാണ് വോട്ടർ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടികയനുസരിച്ച് 703 വോട്ടർമാർ വരേണ്ട സ്ഥാനത്ത് വന്നിരിക്കുന്ന 315 വോട്ടർമാരിൽ ആ വാർഡിലുള്ളത് 97 പേർ മാത്രമാണ്. പ്രസ്തുത വാർഡിലെ വോട്ടർമാരുടെ പേര് 5 കിലോ മീറ്റർ മാറി വനാതിർത്തിയിലുള്ള പ്രദേശത്താണ് ഉൾപ്പെടുത്തിയിരിക്കുന്നത് വളരെ തന്ത്രപൂർവ്വമാണെന്ന് മനസ്സിലാക്കാൻ കഴിയും. നിലവിലുള്ള വാർഡിലെ വാർഡ് മെമ്പറുടെ മേലൊപ്പോടുകൂടി മാത്രമേ അവർക്ക് പരാതി കൊടുക്കാനും സാധിക്കുകയുള്ളൂ. പരാതികൾപോലും പരിഹരിക്കാൻ കഴി യാത്ത രീതിയിൽ വ്യാപകമായ ക്രമക്കേട് നടത്തുകയും 87 ശതമാനം വോട്ടർമാരേയും പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുക യാണ്. പരാതികൾ പരിഹരിക്കാനുള്ള സംവിധാനം അടിയന്തരിമായി ഉണ്ടാക്കണം. ഇലക്ഷൻ കമ്മീഷന്റെ പ്രവർത്തനത്തിൽ ഗവൺമെന്റ് ഇടപെ ട്ടിരിക്കുകയാണ്. ജില്ലാ രജിസ്ട്രേഷൻ ഓഫീസർമാരായ ജില്ലാ കളക്ടർമാരെ പോലും ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽനിന്ന് ജൂൺ 1-ാം തീയതി മുതൽ ട്രെയിനിംഗിന് അയച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശുപാർശ പ്രകാരം 26-05-2010-ൽ ചീഫ് സെക്രട്ടറി ഇറക്കിയ

ഉത്തരവുപ്രകാരം ചില കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെ ഒരു കാരണവശാലും മാറ്റം ചെയ്യാൻ പാടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. 26-5-2010-ന് ചീഫ് സെക്രട്ടറിയുടെ ഓർഡർ വന്നതിനുശേഷം 11-6-2010-ൽ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ മുനിസിപ്പൽ എഞ്ചിനീയർമാരേയും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറേയും സ്ഥലം മാറ്റി. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ആക്ഷേപങ്ങൾ കേൾക്കുന്നതിനും അധികാരമുള്ള മുനിസിപ്പൽ പഞ്ചായത്ത് സെക്രട്ടറിമാരെ ജോലി ചെയ്യാൻ അനുവദിക്കാതെ മീറ്റിംഗിനെന്ന് പറഞ്ഞ് തിരുവനന്തപുരത്തേയ്ക്ക് വിളിപ്പിക്കുകയാണ്. കോർപ്പറേഷനുകളിലേയും പുതിയ നഗരസഭകളിലേയും വാർഡ് വിഭജനം ഇതുവരെ പൂർത്തിയായിട്ടില്ല. ഡീ-ലിമിറ്റേഷൻ കമ്മീഷനിൽനിന്ന് വിരമിച്ച അംഗത്തിന് പകരം ഇതുവരെ ആളെ നിയമിച്ചിട്ടില്ല. ഡീ-ലിമിറ്റേഷൻ കമ്മീഷനേയും ഇലക്ഷൻ കമ്മീഷനേയും സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. എൻ.ജി.ഒ. യൂണിയനിൽ അംഗമല്ലാത്ത ഒരാളും അവിടെ ജോലി ചെയ്യുന്നില്ല. ജനാധിപത്യ നിയമങ്ങളും പഞ്ചായത്ത്രാജ്-നഗരപാലികാ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതേയും തെരഞ്ഞെടുപ്പ് കമ്മീഷനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കാതേയും നടത്തുന്ന പ്രവർത്തനങ്ങൾ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ആയിരത്തിൽപരം വാർഡുകളാണ് വിഭജിക്കേണ്ടതായിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ഇതുപോലുള്ള ആക്ഷേപങ്ങൾ ഉണ്ടാകുമ്പോൾ പരിശോധിച്ച് തിരുത്തലുകൾ വരുത്താറുണ്ട്. നടപടിക്രമങ്ങൾ പാലിച്ചാണ് തെരഞ്ഞെടുപ്പുകൾ നടത്തുന്നത്. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ

ഉണ്ടാകാറുള്ള പരാതികൾ പരിശോധിച്ചതിനുശേഷം മാത്രമേ അന്തിമ വോട്ടർ ലിസ്റ്റ് തയ്യാറാക്കുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. അബ്ദുറബ്ബ് എന്നീ കക്ഷിനേതാക്കൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

(1) ഖാദിമേഖലയിലെ പ്രതിസന്ധി

ശ്രീ. സി.കെ.പി. പത്മനാഭൻ :കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലാളി വിരുദ്ധ നയംമൂലം ഖാദി മേഖലയിൽ പണിയെടുക്കുന്ന 15,000-ത്തോളം വരുന്ന തൊഴിലാളികളും ജീവനക്കാരും സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. തുടങ്ങി 6 സംഘടനകളുടെ നേതൃത്വത്തിൽ 12 ജില്ലകളിലായി ഇന്ന് പണിമുടക്ക് നടത്തുകയാണ്. കേന്ദ്ര ഗവൺമെന്റ് ഖാദിക്ക് നൽകുന്ന റിബേറ്റ് 2010 ഏപ്രിൽ 1 മുതൽ പൂർണ്ണമായി എടുത്തുകളഞ്ഞിരിക്കുകയാണ്. ഇപ്പോൾ കേരള ഗവൺമെന്റ് നൽകുന്ന 10 ശതമാനം റിബേറ്റ് മാത്രമേയുള്ളൂ. മാർക്കറ്റിംഗ് ഡെവലപ്മെന്റ് സഹായം എന്ന ഒരു പുതിയ നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഖാദി ഉല്പന്നങ്ങൾ വാങ്ങുന്നവർക്ക് ഈ സഹായം ലഭിക്കുകയില്ല. റിബേറ്റ് നിറുത്തിയതിനുപുറമേ സ്ലൈവറിന്റേയും നൂലിന്റേയും വില വർദ്ധിക്കുകയും തന്മൂലം

വസ്ത്രങ്ങൾക്ക് വില കൂടുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കിയ നടപടികളുടെ ഭാഗമായി ഖാദിമേഖലയിൽ 50 കോടി രൂപയുടെ റിക്കോർഡ് വില്പന കഴിഞ്ഞ വർഷം ഉണ്ടായി. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയങ്ങളുടെ ഭാഗമായി വില്പന പകുതിയായി കുറയുകയും ഈ വർഷം ഇനിയും കുറയാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് 2 രൂപ നിരക്കിലുള്ള അരി, 100 ദിവസം പണി, 125 രൂപ കൂലി എന്നിവ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ചർക്കയിൽ നിരവധി പരിഷ്കരണം ഏർപ്പെടുത്തുകയും ക്ഷേമനിധി വിപുലീകരിക്കുകയും ചെയ്തതോടുകൂടി ഈ മേഖലയിൽ കൂടുതൽ തൊഴിലാളികൾ കടന്നുവരാനുള്ള സാഹചര്യമുണ്ടായി. 20 ശതമാനം റിബേറ്റ് പുന:സ്ഥാപിക്കുകയും സ്ളൈവറിന്റെ വിലക്കയറ്റം തടയുകയും മിനിമം വേജസ് നടപ്പിലാക്കുകയും ചെയ്ത് ഖാദിമേഖലയെ സംരക്ഷിക്കുന്നതിനും കേന്ദ്രനയം തിരുത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : ഖാദിഗ്രാമ വ്യവസായ കമ്മീഷൻ ചില്ലറ വിൽപ്പനയ്ക്കനുവദിച്ചിരുന്ന റിബേറ്റ് നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിവേദനം സമർപ്പിക്കുകയും കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് നേരിട്ട് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. 01-06-2010 മുതൽ ഖാദിഗ്രാമ വ്യവസായ കമ്മീഷൻ വിതരണം ചെയ്തിരുന്ന സ്ലൈവറിന്റെ വില 30 ശതമാനം വർദ്ധിപ്പിച്ചതുകാരണം ഖാദി തുണിത്തരങ്ങളുടെ വിലയും വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവ് ആഭ്യന്തര വിപണിയെ ബാധിക്കുകയും അന്യസംസ്ഥാന ഖാദി സ്ഥാപനങ്ങൾ ഇവിടെ

നിന്നും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് വിമുഖത പ്രകടിപ്പിക്കുകയും ചെയ്യുന്നതിനാൽ പഞ്ഞിയുടെ വില കുറയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. 16-6-2010-ന് ഖാദി മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തുന്നതിന് വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സ്ലൈവറിന്റെ വില വർദ്ധനവ് നിറുത്തിവയ്ക്കാനും ഓണക്കാലം കഴിയുന്നതുവരെ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവുമൂലം വരുന്ന അധികതുക ഖാദി ബോർഡിന് സംസ്ഥാനം നൽകുന്നതിനും ഖാദി സ്ഥാപനങ്ങൾക്ക് മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് അനുവദിക്കുന്നതിനും ഖാദി വിൽപ്പനയിൽ കുറവുവരാതിരിക്കാൻ ഇപ്പോൾ അനുവദിച്ച റിബേറ്റിനുപുറമേ 10 ശതമാനം റിബേറ്റ് കൂടി ഉൽസവകാലങ്ങളിൽ അനുവദിക്കാനുമുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികളുടെ വേതനവും ഇൻസെന്റീവും വർദ്ധിപ്പിച്ചു. മുടക്കംകൂടാതെ പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിനും കാലപ്പഴക്കംചെന്ന ചർക്കയും മറ്റും മാറ്റിസ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഖാദി കമ്മീഷൻ ചെയർപേഴ്സനുമായും ഗ്രാമവികസന വകുപ്പുമന്ത്രിയുമായും ചർച്ചചെയ്ത് ഖാദി മേഖലയിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാർ സത്വരമായി ഇടപെടുന്നതാണ്.

(2) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. എ. പി. അനിൽകുമാർ: സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ-എയ്ഡഡ് സ്ക്കൂളുകളിൽ പ്രാഥമിക-ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. വിദ്യാഭ്യാസപരമായി ഏറെ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനത്ത് ഇത്തരം സൗകര്യങ്ങളില്ലാത്തത് വേദനാജനകമാണ്. സ്ക്കൂളുകളിൽ പ്രാഥമിക സൗകര്യമില്ലെന്നുള്ളത് ഞെട്ടിപ്പിക്കുന്ന ഒന്നാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ പരാമർശിച്ചിട്ടുണ്ട്. വിദ്യാർത്ഥിനികൾ മാത്രമല്ല അദ്ധ്യാപികമാരും വനിതാജീവനക്കാരും ഈ പരിമിതികളെ അതിജീവിക്കുന്നത് എങ്ങനെയാണെന്നുള്ളതിൽ കോടതി അൽഭുതം പ്രകടിപ്പിക്കുകയും ചെയ്തു. എയ്ഡഡ് സ്ക്കൂളുകളിൽ നിലവിലുള്ള ടോയ്ലറ്റുകൾ വൃത്തിഹീനവും ദുർഗന്ധം വമിക്കുന്നതുമായതിനാൽ ആ സ്കൂളുകളിലെ മാനേജ്മെന്റുകൾക്കെതിരെ ശക്തമായ നടപടിയെടുക്കണം. സർക്കാർ സ്ക്കൂളുകളിൽ എസ്.എസ്.എ.ഫണ്ട്, എം.എൽ.എ./എം.പി. ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 1996-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ക്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴി ഞ്ഞതിനാൽ സ്ക്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾക്ക് വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന് നിലവിൽ ഫണ്ട് ലഭ്യമല്ല. പെൺകുട്ടി

കൾക്കു മാത്രമായുള്ള ടോയ്‌ലറ്റുകൾ, കുടിവെള്ള യൂണിറ്റുകൾ, ക്ലാസ് മുറികൾ, ഇടചുമരുകൾ, ചുറ്റുമതിലുകൾ ഉൾപ്പെടെ എസ്.എസ്.എ. പദ്ധതി പ്രകാരം ധാരാളം അടിസ്ഥാന സൗകര്യങ്ങൾ സ്ക്കൂളുകളിൽ ഉണ്ടാക്കിയിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ ഭാഗമായി ഏതാനും ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയും സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതിയും നടപ്പാക്കി. അതിനുപുറമെയാണ് എം.പി/എം.എൽ.എ. ഫണ്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് അടിസ്ഥാനസൗകര്യ വികസനം നടത്തിയിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്. എം.പി./എം.എൽ.എ. ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്ക്കൂളുകളിൽ മൂത്രപ്പുര ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത എയ്ഡഡ് സ്ക്കൂളുകളുടെ കാര്യത്തിൽ ജില്ലാ/ഗ്രാമപഞ്ചായത്തും പി.ടി.എ.-യും കൂടി ചർച്ച ചെയ്ത് തീരുമാനം എടുക്കാവുന്നതാണ്. സർക്കാർ സ്ക്കൂളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും പരിശോധിച്ച് സ്ക്കൂളുകളെ ഗ്രേഡ് ചെയ്യുന്ന സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. എയ്ഡഡ് സ്ക്കൂൾ മാനേജ്മെന്റുകളുമായി ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കുന്നതാണ്.

## സബ്മിഷൻ

(1) <u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. സി.എം. ദിനേശ്മണിയും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u>: വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി ആരംഭിച്ച കാപ്പിറ്റൽ ഡ്രെഡ്ജിംഗ് മൂലം കൊച്ചിയുടെ തീരങ്ങൾ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത മന്ത്രിതല യോഗത്തിൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിക്കുകയും പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റി സ്ഥലം പരിശോധിക്കുകയും ചെയ്തു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ എന്നത് സംബന്ധിച്ചും റിപ്പോർട്ടിന്മേൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്/ദുബായ് ട്രസ്റ്റ് നടപടികൾ സ്വീകരിച്ചു തുടങ്ങിയോ എന്നതു സംബന്ധിച്ചും വ്യക്തമാക്കണം. സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് ഉണ്ടാകാത്തവിധം മദർ ഷിപ്പിൽ നിന്ന് ചെറിയ ഷിപ്പുകളിലേയ്ക്ക് ട്രാൻസിറ്റ് ചെയ്തുകൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യാൻ ഒരു ഉന്നതതല യോഗം കൊച്ചിയിൽ വിളിച്ചുചേർക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരിസ്ഥിതി ആഘാത ത്തെപ്പറ്റി പഠനം നടത്താൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാ ഫിയേയും ചെന്നൈയിലെ ഐ.ഐ.ടി.-യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാതം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനം കൊച്ചിൻ പോർട്ട് ട്രസ്റ്റ് നിർവ്വഹിക്കാൻ

തയ്യാറാണ്. ക്യാപിറ്റൽ ഡ്രെഡ്ജിംഗും തീരശോഷണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് തുറമുഖ വകുപ്പുസെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച നാലംഗ സമിതിയുടെ റിപ്പോർട്ട് ലഭ്യമായാൽ അതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ട്രസ്റ്റുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ അന്ധ-മൂക-ബധിര വിദ്യാർത്ഥികളേയുംകൂടി പരിശീലിപ്പിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : വ്യത്യസ്ത കഴിവുകളുള്ള ബധിര-മൂക കുട്ടികൾക്ക് സാങ്കേതിക പഠനസൗകര്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവർക്ക് പരിശീലനം നൽകാനുള്ള അദ്ധ്യാപകരില്ല എന്ന വസ്തുത കണക്കിലെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) അയിരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. വർക്കല കഹാർ : വർക്കല നിയോജകമണ്ഡലത്തിലെ അയിരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വർക്കലയിൽ അയിരൂർ കേന്ദ്രമാക്കി ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് പോലീസ് ഡയറക്ടർ

ജനറലിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ പോലീസ്സ്റ്റേഷനുകൾ അനുവദിക്കുന്ന സന്ദർഭത്തിൽ അയിരൂരിനെ പ്രത്യേകം പരിഗണിക്കുന്നതാണ്.

(4) പോസ്റ്റ്മോർട്ടം സംബന്ധിച്ച നടപടിക്രമങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ : പോസ്റ്റ്മോർട്ടം സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കാനും പകൽവെളിച്ചത്തിൽ മാത്രമേ പോസ്റ്റ്മോർട്ടം നടത്തുകയുള്ളൂ എന്ന നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ആത്മഹത്യ, അപകടം, കൊലപാതകം തുടങ്ങി സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെടുന്ന സന്ദർഭത്തിലാണ് ക്രിമിനൽ നടപടിപ്രകാരം ഇൻക്വസ്റ്റ് നടത്തുന്നത്. അപ്രകാരം ഇൻക്വസ്റ്റ് നടത്തുമ്പോൾ കാണപ്പെടുന്ന മുറിവുകൾ, ചതവുകൾ, അടയാളങ്ങൾ മുതലായവ കൃത്യമായി രേഖപ്പെടുത്തിയില്ലെങ്കിൽ പോസ്റ്റ്മോർട്ടം വേളയിലും കേസ്സിന്റെ വിചാരണവേളയിലും നിർണ്ണായകമായ പിഴവ് സംഭവിച്ചുവെന്ന് ചൂണ്ടിക്കാണിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. എല്ലാ നീതിന്യായ കോടതികളും ആധികാരിക ഗ്രന്ഥമെന്ന് നിഷ്ക്കർഷിക്കുന്ന ഡോ.മോഡിയുടെ മെഡിക്കൽ ജൂറിസ്പ്രൂഡൻസ് ഓഫ് ടോക്സിക്കോളജിയിലും സംസ്ഥാന ആഭ്യന്തരവകുപ്പിറക്കിയ സർക്കുലറിലും പോസ്റ്റ്മോർട്ടം പകൽ വെളിച്ചത്തിൽ രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കുമിടയിൽ മാത്രമേ നടത്താവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇത് സംബന്ധിച്ച് പ്രശ്നം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതലയോഗം

വിളിച്ചുചേർക്കുകയുണ്ടായി. കുറ്റമറ്റ രീതിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് മതിയായ വെളിച്ചം ആവശ്യമാണ്. അതിൽ കുറവുകളുണ്ടായാൽ പിഴവുകൾ കടന്നുകൂടാനും അത് കേസ്സന്വേഷണത്തെ ബാധിക്കാനും വിചാരണസമയത്ത് പ്രശ്നങ്ങളുണ്ടാകാനും സാദ്ധ്യതയുണ്ട്. ഇപ്പോൾ പോസ്റ്റ്മോർട്ടം നടത്തുന്ന എല്ലാ ആശുപത്രികളിലും ഇത്തരം ഒരു സാഹചര്യം ഉണ്ടായാൽ അത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

(5) ലാന്റിംഗ് പെർമിറ്റ്

ശ്രീ. കെ. സി. ജോസഫ് : ഇത്തിഹാഡ് എയർവേയ്സ് ഫ്ളൈറ്റിൽ തിരുവനന്തപുരത്ത് എത്തിയ പാകിസ്ഥാൻ വായുസേനയിലെ ഉന്നത ഉദ്യോഗസ്ഥനായ ഖാൻ ഖാലിദ് റഷീദിന് ഇമിഗ്രേഷൻ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറങ്ങാനും തലസ്ഥാനത്തെ ഒരു ഹോട്ടലിൽ താമസിക്കാനും സൗകര്യമുണ്ടാക്കി കൊടുത്തത് ഗുരുതരമായ വീഴ്ചയാണ്. ഐ.എസ്.ഐ.-യുമായി ബന്ധമുള്ള ചാരസംഘടനകൾ അവരുടെ പ്രവർത്തനങ്ങൾ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതായി സംശയിക്കുന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇത്തിഹാഡ് എയർവേയ്സ് വക ഫ്ളൈറ്റിൽ തിരുവനന്തപുരത്ത് എത്തിയ ഫ്ളൈറ്റ് ക്യാപ്റ്റനും പാകിസ്ഥാൻ പൗരനുമായ ഖാൻ ഖാലിദ് റഷീദും മറ്റ് പല രാജ്യക്കാരായ ആറ് പേരും ഉൾപ്പെടെ ഏഴ് ക്രൂ അംഗങ്ങൾ തിരുവനന്തപുരം എയർപോർട്ടിൽ അറൈവൽ ഭാഗത്തുള്ള കൗണ്ടറിലെത്തി പേര്, പൗരത്വം, ഐ.ഡി. നമ്പർ എന്നിവ ടെമ്പററി ലാന്റിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പിടുകയും ഇവർ രേഖപ്പെടുത്തിയ വിവരങ്ങൾ എയർപോർട്ടിൽ അറൈവൽ കൗണ്ടർ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോ

ഗസ്ഥർ പരിശോധിച്ചശേഷം ഏഴ് പേർക്കും തിരുവനന്തപുരത്ത് താൽക്കാലിക സ്റ്റേയ്ക്ക് അനുമതി നൽകുകയുമാണുണ്ടായത്. പാകിസ്ഥാൻ പൗരന് തിരുവനന്തപുരം എയർപോർട്ട് വഴി ഇൻഡ്യയിൽ ഇറങ്ങാനും തങ്ങാനും നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ക്രൂ ലിസ്റ്റ് പരിശോധിച്ച ഉദ്യോഗസ്ഥനും അത് ഒപ്പിട്ട് നൽകിയ ഉദ്യോഗസ്ഥനും ലിസ്റ്റ് വ്യക്തമായി പരിശോധിക്കാത്തതിനാലാണ് നിയമപ്രകാരം അനുവദനീയമല്ലാത്ത വ്യക്തിക്ക് തിരുവനന്തപുരത്ത് ലാന്റിംഗ് പെർമിറ്റ് നൽകാനിടയായത്. തിരുവനന്തപുരത്ത് താൽക്കാലിക ലാന്റിംഗ് പെർമിറ്റ് ലഭിച്ച ആളുകൾ തിരുവനന്തപുരം താജ് റെസിഡൻസി ഹോട്ടലിൽ 103-ാം നമ്പർ മുറിയിൽ താമസിച്ചശേഷം 07-05-2010-ന് മടങ്ങിപ്പോയതായാണ് റിപ്പോർട്ട് ലഭിച്ചത്. ഹോട്ടലിൽനിന്നും ഖാലിദ് റഷീദ് പുറത്തുപോയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഖാലിദ് റഷീദ് ഹോട്ടലിൽനിന്നും വിളിച്ച ഫോൺ നമ്പറുകളെക്കുറിച്ച് സംസ്ഥാന ഇന്റലിജൻസ് ബ്യൂറോയേയും കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയേയും അറിയിച്ചിട്ടുണ്ട്. എയർപോർട്ടിലുണ്ടായ വീഴ്ച സംബന്ധിച്ച് പ്രത്യേകം പരിശോധിക്കാൻ സെക്യൂരിറ്റി വിഭാഗം പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടെയുണ്ടായിരുന്ന ക്രൂ അംഗങ്ങൾ യു. എസ്.എ., പോളണ്ട്, ഈജിപ്റ്റ്, ഫിൻലാന്റ്, കൊറിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലുള്ളവരാണ് എന്ന റിപ്പോർട്ട് കിട്ടിയിട്ടുണ്ട്, മറ്റ് കാര്യങ്ങളിൽ ഐ. ബി.-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

(6) മദ്രസ്സകളിലെ വൈദ്യുതി താരിഫ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സംസ്ഥാനത്തെ മദ്രസ്സകൾ നിലവിൽ എൽ.ടി. 6(എ) വിഭാഗത്തിലാണ് ഉൾപ്പെടുന്നതെങ്കിലും ഇപ്പോൾ കെ.എസ്. ഇ.ബി. അധികൃതർ സ്വാശ്രയ സ്ഥാപനമെന്ന നിലയിൽ എൽ.ടി. 7 (എ) താരിഫ് നിരക്കാണ് ചുമത്തിക്കൊണ്ടിരിക്കുന്നത്. ഈ തീരുമാനം റെഗുലേറ്ററി കമ്മീഷന്റേതായതിനാൽ, താരിഫ് നിരക്ക് പഴയ 6(എ)യിൽ നിലനിർത്തുന്നതിന് ഗസറ്റ് വിജ്ഞാപനത്തിൽ ആവശ്യമായ തിരുത്തൽ വരുത്തണമെന്ന് ഗവൺമെന്റ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ ബാലൻ): കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം സർക്കാരിന്റേയും സർക്കാർ സഹായത്താൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളേയും മാത്രമേ എൽ. ടി.6(എ) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. മദ്രസ്സകളുൾപ്പെടെ മറ്റെല്ലാ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും എൽ.ടി.7(എ) വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മാറ്റം വരുത്താൻ ഇലക്ട്രിസിറ്റി ബോർഡിന് അധികാരമില്ല. മദ്രസ്സകൾ, മറ്റ് മതസ്ഥാപനങ്ങൾ എന്നിവയെ സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി പരിഗണിക്കേണ്ടതുള്ളതുകൊണ്ട് താരിഫിൽ മാറ്റം വരുത്തണമെന്ന് ഗവൺമെന്റ് റെഗുലേറ്ററി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) <u>പിറവം ബ്രാഞ്ച് കനാലിന്റെ പണി</u>

<u>ശ്രീ. എം.ജെ. ജേക്കബ്</u>: പിറവം ബ്രാഞ്ച് കനാലിന്റേയും മാമലശ്ശേരി ബ്രാഞ്ച് കനാലിന്റേയും പണികൾ അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യ മായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: പിറവം ബ്രാഞ്ച് കനാലിന്റെ പണി പുനരാരംഭിക്കുന്നതിനും 2010 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എം.വി.ഐ.പി.-യുടെ ഓണക്കൂർ ഡിസ്ട്രിബ്യൂട്ടറിയുടെ പണി 2010 ഡിസംബറിൽ പൂർത്തീകരിക്കത്തക്കവണ്ണം പുരോഗമിക്കുകയാണ്. മാമലശ്ശേരി മെയിൻ ഡിസ്ട്രിബ്യൂട്ടറിയുടെ 625 മീറ്റർ മുതൽ 857 മീറ്റർ വരെയുള്ള അക്വഡക്ടിന്റെ നിർമ്മാണം നിലവിലുള്ള കരാറുകാരൻ പൂർത്തീ കരിക്കാത്തതുകൊണ്ട് ആ കരാർ ടെർമിനേറ്റ് ചെയ്യുന്നതിനും അവശേഷി ക്കുന്ന പണികൾ റീ-അറേഞ്ച് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. മാമലശ്ശേരി മെയിൻ ഡിസ്ട്രിബ്യൂട്ടറിയുടെ 1400 മീറ്റർ മുതൽ 1800 മീറ്റർ വരെയുള്ള ബാക്കി പണികളുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകു ന്നതിനായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയുടെ അന്തിമഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

(8) <u>പുല്ലൂപ്പികടവ് പാലം പണി</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: കണ്ണൂർ ജില്ലയിലെ നാറാത്ത്, പുലാതി എന്നീ പഞ്ചായത്തുകളേയും കണ്ണൂർ-അഴീക്കോട് നിയോജകമണ്ഡലങ്ങ ളേയും തമ്മിൽ ബന്ധിപ്പിക്കുന്ന പുല്ലൂപ്പികടവ് പാലം പണി എത്രയും വേഗം

പുനരാരംഭിക്കുകയും പണി വൈകിച്ചതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥ രുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കണ്ണൂർ ജില്ലയിലെ പുല്ലൂപ്പികടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ വേളയിൽ അടിമണ്ണിൽ അപ്രതീക്ഷിതമായുണ്ടായ ചില മാറ്റങ്ങൾ കാരണം കരാറു കാരൻ പണി നിർത്തിവയ്ക്കുകയും ഉയർന്ന നിരക്ക് നൽകിയാലും പണി മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ലെന്ന് അറിയിക്കുകയും ചെയ്തു. ഇത് കരാറുകാരന്റെ വീഴ്ച്ചയല്ലെന്ന് കണ്ടതിനാൽ കരാറിൽ നിന്ന് ഒഴിവാക്കിയെ ങ്കിലും അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരന് ചില പരാതികളുണ്ടായിരുന്നതിനാൽ കരാർ അവസാനിപ്പിക്കുവാൻ തയ്യാറായിരു ന്നില്ല. ഇപ്പോൾ കരാറുകാരൻ അതിന് തയ്യാറായതിനെത്തുടർന്ന് കരാർ അവ സാനിപ്പിക്കുകയും ബാക്കി പണികൾ പൂർത്തിയാക്കുന്നതിന് ടെണ്ടർ ക്ഷണി ക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് എത്രയും പെട്ടെന്ന് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന തുമാണ്.

(9) റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. കെ.കെ. ദിവാകരൻ: കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ആർ.സി.സി.

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(10) ആശുപത്രി സംരക്ഷണത്തിന് നിയമം

ശ്രീ. ബാബു എം. പാലിശ്ശേരി: സംസ്ഥാനത്തെ ആശുപത്രികൾ സംഘർഷഭരിതമാവുകയും ജീവനക്കാരും ഡോക്ടർമാരും ആക്രമിക്കപ്പെടുകയും ചെയ്യുന്നത് തടയുന്നതിനായി സംസ്ഥാനത്ത് ആശുപത്രി സംരക്ഷണ നിയമം കൊണ്ടുവരുകയും രോഗികൾക്ക് പരാതിപ്പെടാനുള്ള അവസരമൊരുക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ആശുപത്രികൾക്കെതിരെയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്കെതിരെയും നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(11) മാള-നെയ്തക്കുടി ചുങ്കം റോഡ്.

ശ്രീ. എ. കെ. ചന്ദ്രൻ: മാള നിയോജകമണ്ഡലത്തിലെ മാള-നെയ്തക്കുടി ചുങ്കം മുട്ടിക്കൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): മാള നിയോജകമണ്ഡലത്തിലെ മാള-നെയ്തക്കുടി ചുങ്കം മുട്ടിക്കൽ റോഡിന്റെ പുനരുദ്ധാരണത്തിനായി 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. അത് എത്രയുംവേഗം പൂർത്തീകരിച്ച് ഭരണാനുമതി നൽകി ടെണ്ടർ ചെയ്യുന്നതാണ്.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXI - ഭവന നിർമ്മാണം (118,10,83,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം (184,91,19,000 രൂപ)

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം (118,44,51,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, എ.പി. അനിൽകുമാർ, എ.എ. ഷുക്കൂർ, തേറമ്പിൽ രാമകൃഷ്ണൻ,

എ. കെ. ശശീന്ദ്രൻ, എം.എ. വാഹീദ്, കെ. സി. ജോസഫ്, വി.ഡി. സതീശൻ, എൻ. ശക്തൻ, പി.സി. വിഷ്ണുനാഥ്, കെ. ശിവദാസൻ നായർ, വർക്കല കഹാർ, ജോർജ് മേഴ്സിയർ, ടി.എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.പി. മുഹമ്മദ്, അടൂർ പ്രകാശ്, കെ. ബാബു, റോഷി അഗസ്റ്റിൻ, പ്രൊഫ. എൻ. ജയരാജ്, തോമസ് ഉണ്ണിയാടൻ, കെ.കെ.ഷാജു, എ.പി. അബ്ദുള്ളക്കുട്ടി, വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. ടി. എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെ സാമൂഹ്യ ജീവിത പുരോഗതിക്കുവേണ്ടി സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നൽകിയ പണം വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ സർക്കാരാണിത്. സുനാമി പുനരധിവാസ പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടും പദ്ധതിപ്രകാരം കടലോരത്ത് താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങിക്കൊടുക്കാനും വീടുവച്ച് കൊടുക്കാനും അവരുടെ നഷ്ടപ്പെട്ട ജീവനോപാധികൾ വാങ്ങിക്കൊടുക്കാനും അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാനും വേണ്ടി നൽകിയ പണത്തിൽ വളരെ തുച്ഛമായ തുക മാത്രമാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിനുവേണ്ടി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് കൊടുത്ത പണം വിനിയോഗിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. സുനാമി പുനരധിവാസ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചില്ല. സുനാമി പുനരധിവാസ പദ്ധതിക്ക് കേന്ദ്രം നൽകിയ പണത്തിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക്

മൊറട്ടോറിയം പ്രഖ്യാപിച്ചതിനുശേഷവും മത്സ്യമേഖലയിലെ സഹകരണ സ്ഥാപനങ്ങളടക്കം ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ കടം തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി അടുത്ത മാർച്ച് മാസം വരെയാക്കി ദീർഘിപ്പിച്ചുകൊടുക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണം. ക്രെഡിറ്റ് സംഘങ്ങളിൽനിന്ന് എടുത്ത കടങ്ങൾക്ക് മാത്രമേ കേന്ദ്രഗവൺമെന്റ് സ്കീം ബാധകമാവുകയുള്ളൂവെന്നതിനാൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ക്രെഡിറ്റ് സംഘങ്ങളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. സുനാമി ദുരന്തം നേരിട്ടനുഭവപ്പെട്ട പ്രദേശങ്ങളിൽനിന്ന് മാറി താമസിക്കുന്ന ജനങ്ങളെക്കൂടി കടം എഴുതിത്തള്ളുന്ന പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കണം. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ സ്ഥിരമായി തുറന്നിടണം. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി കൈക്കൊള്ളുകയും അതിനാവശ്യമായ പണം വകയിരുത്തുകയും വേണം. കയറ്റുമതിക്കാരിൽ നിന്ന് സെസ് പിരിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിക്കാനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സെസ് ലഭിക്കാതെ പോയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം. കടലാക്രമണം തടയുന്നതിന് ശാസ്ത്രീയമായ അടിത്തറയുണ്ടാക്കണം. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കണം. കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി പ്രധാന സ്ഥലങ്ങളിൽ പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കണം. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണം. കുട്ടനാട് പാക്കേജിൽപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയ്ക്കുവേണ്ടിയുള്ള പ്രോജക്ട് സമർപ്പിക്കാൻ നടപടി

സ്വീകരിക്കണം. കടലിൽവച്ച് അപകട മരണം സംഭവിക്കുന്നവരുടെ കുടും ബങ്ങൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. മത്സ്യത്തൊഴിലാളി ദുരിതാശ്വാസനിധി രൂപീകരി ക്കണം.

ശ്രീ. രാജു എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടാണ് സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം നടപ്പിലാക്കിയിട്ടുള്ളത്. 58000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കടാശ്വാസപദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പതിനായിരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി ലഭ്യമാകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റ് സുനാമി ദുരിതാശ്വാസ ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. എന്നാൽ ഈ ഗവൺമെന്റ് 90 ശതമാനം സുനാമി ഫണ്ടും ചെലവഴിച്ചു. ഇന്ത്യയിൽ ആദ്യ മായി, കേരളത്തിൽനിന്ന് അലങ്കാര മത്സ്യകയറ്റുമതിക്ക് തുടക്കം കുറിച്ചു. വന്യജീവികളെ വേട്ടയാടുന്നത് ഒരു പരിധിവരെ അവസാനിപ്പിക്കാനും വനത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്താനും സാധിച്ചു. വ്യാജരേഖ ഉപയോഗിച്ച് പിടിച്ചെടുത്ത വനഭൂമി തിരിച്ചുപിടിക്കാനും വനം വകുപ്പിന് 45 കോടി രൂപ സമാഹരിക്കാനും 'എന്റെ മരം' പദ്ധതി-ക്ക് ദേശീയ അംഗീകാരം നേടിയെടുക്കാനും കഴിഞ്ഞു. അരീപ്പയിൽ വനം അക്കാഡമി, പാലക്കാട് ആസ്ഥാനമാക്കി ജൈവവൈവിദ്ധ്യ കേന്ദ്രം, പറമ്പിക്കുളം കടുവാ സംരക്ഷണകേന്ദ്രം തുടങ്ങിയവ പ്രാവർത്തികമാക്കാൻ സാധിച്ചു. വനംകൊള്ള ഒരു പരിധിവരെ അവസാനിപ്പിച്ചു. ചന്ദനഫാക്ടറി ആരംഭിക്കാ നുള്ള നടപടി അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ വനവിസ്തൃതി 27,440

ഹെക്ടറായി വർദ്ധിച്ചിരിക്കുകയാണ്. ഐ.എസ്.ഐ. അംഗീകാരത്തോടെ ശബരിജലം എന്ന പേരിൽ കുപ്പിവെള്ളം വിപണിയിൽ എത്തിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. സർക്കാർ ഭൂമിയിൽനിന്നും ഗ്രാന്റ്, പാട്ടം ഇനങ്ങളിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിച്ചു. സാമൂഹ്യ സംഘടനകളുടേയും സമുദായ സംഘടനകളുടേയും സ്കൂൾ കുട്ടികളുടേയും പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഒന്നരക്കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ കഴിഞ്ഞു. കൊച്ചിയിൽ മെട്രോറെയിൽ നടപ്പാക്കുന്നതിനും സ്ഥലമേറ്റെടുത്ത് നൽകിയിട്ടും വാഗൺ ഫാക്ടറി സ്ഥാപിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റ് തയ്യാറായില്ലെന്നുമാത്രമല്ല കേരളത്തിനുള്ള അരിവിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഏറ്റവും സുരക്ഷിത സംസ്ഥാനമായി കേരളത്തെ മാറ്റാനും ട്രഷറി ബാനും പവർ കട്ടും ലോഡ് ഷെഡിംഗും ഇല്ലാതാക്കാനും സർക്കാരിന് കഴിഞ്ഞു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വളന്തക്കാട് ദ്വീപ് സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സൈലന്റ് വാലി മേഖലയിൽ ഇരുന്നൂറോളം ആദിവാസികൾ താമസിക്കുന്ന കോളനിയിൽ സ്വകാര്യ റിസോർട്ട് നിർമ്മിച്ചിരിക്കുന്നവർക്കെതിരെ നടപടിയെടുക്കണം. ഇടുക്കി ജില്ലയിൽ വന്യജീവിസങ്കേതത്തിൽ വ്യാപകമായി നടത്തുന്ന മരംമുറിയ്ക്കലിനെ സംബന്ധിച്ച് അന്വേഷിക്കണം. വനാവകാശ നിയമമനുസരിച്ച് ഭൂരഹിതരായ ആദിവാസികൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയും വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവന്ന ദുരിതാശ്വാസ ധനസഹായം വർദ്ധിപ്പിച്ച നടപടിയും സ്വാഗതാർഹമാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക്

പഞ്ചായത്തിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിൽ നിന്ന് ധനസഹായം നൽകുന്നതുപോലെ വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അതാത് റെയ്ഞ്ച് ആഫീസിൽ നിന്നും ധനസഹായം നൽകണം. സർക്കാർ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകി ആ സ്ഥാപനത്തെ തകർച്ചയിൽ നിന്നും രക്ഷിക്കണം.

<u>ശ്രീ. എ.കെ ചന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ട്രഷറി ബാൻ, പവർകട്ട് കർഷകആത്മഹത്യ, വർഗ്ഗീയകലാപങ്ങൾ, മന്ത്രിമാർക്കെതിരെ അഴിമതിയാരോപണം എന്നിവ ഇല്ലാതെ വികസന പ്രവർത്തനങ്ങളും ജനക്ഷേമകരമായ പദ്ധതികളുമായാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. പരമ്പരാഗതമേഖലയെ നിലനിർത്തുന്നുതിനും സംരക്ഷിക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു. എ.പി.എൽ, ബി.പി.എൽ വേർതിരിവില്ലാതെ ഒരുലക്ഷത്തി അറുപതിനായിരം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുകയും മൽസ്യത്തൊഴിലാളി കടാശ്വാസ പദ്ധതിപ്രകാരം 127 കോടി രൂപയുടെ കടം എഴുതിത്തള്ളുകയും സുനാമി പുനരധിവാസ പദ്ധതിയിൽ 324 കോടി രൂപ മുടക്കി വീട് നിർമ്മിച്ചു നൽകുകയും മൽസ്യത്തൊഴിലാളികളുടെ പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. മൽസ്യത്തൊഴിലാളി ക്ഷേമനിധി മുഖേന ഏതാണ്ട് 41 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി. ട്രോളിംഗ് നിരോധന കാലയളവിൽ മൽസ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുകയും

മൽസ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപവീതം പലിശരഹിത വായ്പ നൽകുകയും സ്വാശ്രയസ്ഥാപനങ്ങളിൽ പഠിക്കുന്ന മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫീസ് ആനുകൂല്യങ്ങൾ നൽകുകയും എസ്.സി വിഭാഗത്തിന് കൊടുത്തിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മൽസ്യത്തൊഴിലാളി വിഭാഗത്തിനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. മൽസ്യബന്ധനത്തിനിടയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്യുന്ന തൊഴിലാളികളുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. വനംകൊള്ള തടയാനും വനമേഖലയെ സംരക്ഷിക്കാനും നടപടി സ്വീകരിച്ചു. ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ വനങ്ങൾ സംരക്ഷിക്കേണ്ടത് അത്യാവശ്യ ഘടകമാണെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് വനംവകുപ്പ് സ്വീകരിച്ചുവരുന്നത്. വനംവകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളേയും സന്നദ്ധ സംഘടനകളേയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി ലക്ഷക്കണക്കിന് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന എന്റെ മരം പദ്ധതി, നമ്മുടെ മരം പദ്ധതി, വഴിയോര മരം പദ്ധതി, ഹരിതതീരം പദ്ധതി എന്നിവ വിജയകരമായി നടപ്പിലാക്കി. ഈ മേഖലയിലെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ഇന്ദിരാ പ്രിയദർശിനി, വൃക്ഷമിത്ര അവാർഡുകൾ രണ്ട് വർഷം കൊണ്ട് തുടർച്ചയായി സംസ്ഥാനത്തിന് ലഭിക്കുകയാണ്. സ്വന്തമായി വീടില്ലാത്തവർക്ക് ഇ.എം.എസ്. പാർപ്പിട പദ്ധതിയിലൂടെ വീടുകൾ നൽകുന്നതിനും എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം വീടുകളുടെ പുനരുദ്ധാരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സുനാമി ഭവന നിർമ്മാണ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന

നിർമ്മാണ പദ്ധതി എന്നിവയുടെ മേൽനോട്ടവും നടത്തിപ്പും ഏറ്റെടുത്ത് വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ഭവന നിർമ്മാണ വകുപ്പിന് കഴി ഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിൽനിന്നും ഭവന വായ്പയെടുത്ത് തിരിച്ച ടയ്ക്കാൻ കഴിയാത്തവരുടെ കടങ്ങൾ എഴുതിത്തള്ളുകയും ആധാരങ്ങൾ തിരിച്ചു നൽകുകയും ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 813 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകുകയുണ്ടായി.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യമേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളും കഷ്ടത കളും വർദ്ധിച്ചുവരികയാണ്. സ്വന്തമായി വീടില്ലാത്തവരും വിദ്യാഭ്യാസപര മായി പിന്നോക്കം നിൽക്കുന്നവരും ഏറ്റവുംകൂടുതലുള്ളത് ഈ മേഖലയി ലാണ്. ഈ ഗവൺമെന്റ് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പാക്കിയെ ങ്കിലും മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും എഴുതിത്തള്ളാൻ കഴി ഞ്ഞിട്ടില്ല. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്നും പൂർണ്ണമായി മോചിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം. കേന്ദ്രസർക്കാർ എൻ.സി.ഡി.സി. വഴി നൽകുന്ന തുകയിൽ മൂന്നിലൊന്ന് ലോണായും മൂന്നിലൊന്ന് ഷെയറായും മൂന്നിലൊന്ന് സബ്സിഡിയായിട്ടുമാണ് മത്സ്യത്തൊഴിലാളി കൾക്ക് നൽകുന്നത്. മത്സ്യഫെഡ്ഡിൽനിന്നും മറ്റ് സഹകരണ സംഘങ്ങ ളിൽനിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്ന കാര്യത്തിൽ കാണിക്കുന്ന രാഷ്ട്രീയ വിവേചനം അവസാനിപ്പിക്കണം. 2007-ൽ കേരള മത്സ്യത്തൊഴി ലാളി അനുബന്ധത്തൊഴിലാളി സെസ്സ് നിയമം പാസ്സാക്കിയെങ്കിലും സെസ്സ് ഇനത്തിൽ ഒരു പൈസപോലും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. വിവാഹം, പ്രസവം, ചികിത്സ എന്നിവയ്ക്കുള്ള ധനസഹായവും പെൻഷൻ, അപകട

ഇൻഷ്വറൻസ് എന്നിവയും യഥാസമയം വിതരണം ചെയ്യണം. മത്സ്യത്തൊ ഴിലാളികൾക്ക് ഗൃഹനിർമ്മാണത്തിനും വിദ്യാഭ്യാസത്തിനും ശുദ്ധജല ലഭ്യതയ്ക്കും ആരോഗ്യ പരിപാലനത്തിനുമൊക്കെ ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിക്കണം. മത്സ്യഫെഡ്ഡും ഗവൺമെന്റും വെവ്വേറെ നടത്തുന്ന ഇൻഷ്വറൻസ് പദ്ധതികൾ ഒന്നാക്കി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനം കിട്ടത്തക്ക രൂപത്തിൽ പുനരാവിഷ്ക്കരിക്കണം. കടലിൽ വച്ചു ണ്ടാകുന്ന അപകടംകൂടി പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി അപകടത്തിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകു ന്നതിനുള്ള നടപടി സ്വീകരിക്കണം. മത്സ്യമേഖലയിലെ ഹാച്ചറികളും ഫാമുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള നീക്കം അവസാനിപ്പി ക്കണം. വിദേശ മത്സ്യബന്ധന യാനങ്ങൾ കൊണ്ടുവന്ന് മത്സ്യത്തൊഴിലാളി കളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ നടപടി സ്വീകരിക്ക ണം. പരപ്പനങ്ങാടി-താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം പ്രാവർത്തികമാക്കിയതിലൂടെ ഒരു പരിധിവരെയുള്ള കടബാദ്ധ്യതകൾ എഴുതിത്തള്ളാൻ കഴിഞ്ഞു. റവന്യൂഭൂമിയുള്ള പ്രദേശങ്ങൾ കണ്ടെത്തി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്ന നടപടിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. കടലിൽവച്ച് അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് രക്ഷപ്പെടുന്നതിനാവശ്യമായ നിരവധി സേഫ്റ്റി മെഷേഴ്സ് ഏർപ്പെടുത്തി. പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തി പുലിമുട്ടുകൾ, കടൽഭിത്തി

എന്നിവ നിർമ്മിക്കുന്നതിനും 18 മിനി ഫിഷിംഗ്ഹാർബറുകൾ സ്ഥാപിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. വലിയതുറ മിനി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാകാൻ പോവുകയാണ്. സമുദ്രത്തിന്റെ അന്തർഭാഗ ത്തുണ്ടാകുന്ന വ്യതിയാനങ്ങൾമൂലം കാലാവസ്ഥയ്ക്കുണ്ടാകാൻ പോകുന്ന മാറ്റങ്ങൾ, തിരമാലകൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ, മത്സ്യത്തിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ പഠിക്കാനും അത്തരം വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാനും ഉതകുന്ന തരത്തിൽ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കടലിൽ പോയി മരണപ്പെടുന്ന മത്സ്യ ത്തൊഴിലാളിക്ക് അടിയന്തിര ധനസഹായം പ്രഖ്യാപിക്കാനും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മുൻ ഗവൺമെന്റിന്റെ കാല ത്തുണ്ടായിരുന്ന അഴിമതി വനം വകുപ്പിൽ ഇപ്പോഴില്ല.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടലോരപ്രദേശങ്ങളിൽ താമസിക്കു ന്നവരുടെ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സുനാമി ഫണ്ട് സർക്കാർ ചെലവഴിച്ചത്. 700 ഗ്രാമപഞ്ചായത്തുകളിൽ 'മത്സ്യകേരളം' പദ്ധതി നടപ്പിലാക്കി. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ അനുവ ദിച്ചു. തീരമൈത്രി പദ്ധതി നടപ്പിലാക്കി. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമപ്രകാരം 126 കോടി രൂപയുടെ കടം എഴുതിത്തള്ളി. മത്സ്യത്തൊഴി ലാളികൾക്ക് പ്രയോജനമുണ്ടാകുന്ന തരത്തിൽ സെസ്സ് പിരിക്കുന്നതുമായി

ബന്ധപ്പെട്ട നിയമനിർമ്മാണം നടത്താൻ കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ താൽപ്പര്യങ്ങൾ കണക്കിലെടുക്കാതെ മൽസ്യമേഖലയെ തകർക്കുന്ന ആസിയാൻ കരാർ ഒപ്പുവച്ച കേന്ദ്രസർക്കാറിന്റെ നിലപാടിൽ നിന്ന് വ്യത്യ സ്തമായി മൽസ്യത്തൊഴിലാളികൾക്കനുകൂലമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്ര എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞു. വീട് നിർമ്മിക്കാൻ ദുർബല ജനവിഭാഗങ്ങൾ എടുത്ത 183 കോടി രൂപയുടെ കടം എഴുതിത്തള്ളി. എം.എൻ. ഭവനനിർമ്മാണ പദ്ധതി യുടെ കീഴിലുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി ഏറ്റെടുക്കാനും സൈലന്റ് വാലി പ്രദേശം സംരക്ഷിക്കാനും ദേശാടന പക്ഷികൾ അധിവസിക്കുന്ന പ്രദേശം പ്രത്യേക മേഖലയായി നിലനിറുത്താനും നടപടികൾ സ്വീകരിച്ചു.

ശ്രീ. എം.കെ. പ്രേംനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വമില്ലാത്തതും ഇച്ഛാശക്തി നഷ്ടപ്പെട്ടതുമായ സർക്കാ രാണിത്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ മേധാവിത്വം ഇല്ലാ താക്കി വിവിധ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സെക്രട്ടേ റിയറ്റിൽ ഇൻഫർമേഷൻ കൗണ്ടർ തുടങ്ങുകയും ഫയലുകളുടെ സ്ഥിതിവിവരമറിയാൻ കമ്പ്യൂട്ടർ സംവിധാനമേർപ്പെടുത്തുകയും ചെയ്യണം. സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കണം. ഭവനനിർമ്മാണ ബോർഡിന്റെ കടബാധ്യതകൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരി ക്കണം. എം.എൻ. ഭവനനിർമ്മാണ പദ്ധതി ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കണം. ഹഡ്കോയുടെ സുഗമമായ

പ്രവർത്തനത്തിന് ആവശ്യമായ ഫണ്ടനുവദിക്കണം. മൈത്രീഭവന പദ്ധതിക്കുള്ള സബ്സിഡി പുന:സ്ഥാപിക്കണം. വനംമേഖലകളിലെ കയ്യേറ്റങ്ങളും മരംമുറിക്കലും അവസാനിപ്പിക്കണം. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട പുന:സ്ഥാപിക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്യണം. മത്സ്യത്തൊഴിലാളികൾക്ക് വിപുലീകരിച്ച ഹൗസിംഗ് സ്കീം നടപ്പിലാക്കണം. വടകരയിൽ കടൽഭിത്തി കെട്ടാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനക്ഷേമപ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ട്രഷറി ബാനോ പവർകട്ടോ ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല. വനംകൊള്ള അവസാനിപ്പിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിലെ മന്ത്രിമാരെപ്പറ്റി അഴിമതി ആരോപണങ്ങളൊന്നും ഉണ്ടായിട്ടില്ല. ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. എല്ലാവർക്കും ഭക്ഷണം, വീട്, വെളിച്ചം, കുടിവെള്ളം എന്നിവ ലഭ്യമാക്കി. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി എന്നിവ നടപ്പിലാക്കി. സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കി. ചികിത്സാ സൗജന്യം ഏർപ്പെടുത്തി. കർഷക ആത്മഹത്യ ഇല്ലാതാക്കി. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. പുതിയ വ്യവസായസംരംഭങ്ങളാരംഭിക്കാൻ തീരുമാനിച്ചു. ഐ. ടി., ടൂറിസം മേഖലകളെ വികസിപ്പിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുന്നതിനായി പൊതുവിതരണരംഗം ശക്തിപ്പെടുത്തി. ക്ഷേമപെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിക്കുകയും കുടിശ്ശിക

കൊടുത്തുതീർക്കുകയും ചെയ്തു. മത്സ്യമേഖലയിൽ ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം ഉറപ്പുവരുത്തുന്ന നിയമം, മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള സെസ്സ് നിയമം, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം എന്നിവ നടപ്പിലാക്കി. 3000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ മത്സ്യമേഖലയിൽ നടപ്പാക്കാൻ തീരുമാനിച്ചതിൽ 1500 കോടി രൂപയുടെ പദ്ധതി പൂർത്തീകരിക്കുകയും 600 കോടി രൂപയുടെ പദ്ധതികൾ നടന്നുവരികയും 400 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 500 കോടി രൂപയുടെ പദ്ധതികൾ ഇതരവകുപ്പുകൾ ചേർന്ന് നടത്തിക്കൊണ്ടിരിക്കുകയുമാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 5,000 രൂപവരെ പലിശരഹിത വായ്പ നൽകി. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും കൊടുക്കാൻ തീരുമാനിക്കുകയും സ്വാശ്രയ മേഖലയിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. കടലിൽപ്പോയി മരണപ്പെടുകയോ, അപകടം സംഭവിക്കുകയോ, മൃതശരീരം കിട്ടാതിരിക്കുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് 2,00,000 രൂപയാക്കി വർദ്ധിപ്പിക്കുകയും 374 ക്ലെയിമുകളിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തു. പുതിയതായി പണി ആരംഭിച്ച 7 ഫിഷിംഗ് ഹാർബറുകളിൽ ഒരെണ്ണം കമ്മീഷൻ ചെയ്തു. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിച്ചു. ചെറുവത്തൂർ ഹാർബറിന്റെ പണി തുടങ്ങാൻ

പോകുന്നു. മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പണി ഈ വർഷംതന്നെ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തീരദേശ റോഡുകൾക്കായി 25 കോടി രൂപ മാറ്റി വച്ചു. മഞ്ചേശ്വരത്ത് ഒരു ഫിഷറീസ് ടെക്നിക്കൽ സ്ക്കൂൾ അനുവദിക്കാൻ നടപടിയുണ്ടാകണം. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കോളേജുകൾ, പ്ലസ്ടു സ്ക്കൂളുകൾ, 1500 കോടി രൂപയുടെ മലബാർ പാക്കേജ്, പുതിയ വ്യവസായ സംരംഭങ്ങൾ, നിരവധി സാംസ്ക്കാരിക സ്ഥാപനങ്ങൾ ഇവയെല്ലാം ആരംഭിച്ചു. 153 കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളിയതിന്റെ ഫലമായി ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുത്തവർക്ക് രേഖകൾ തിരിച്ചുകിട്ടി. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 57 കോടി രൂപയുടെ ആനുകൂല്യങ്ങൾ 25500 പേർക്ക് കൊടുത്തു. 'എന്റെ മരം' പദ്ധതിക്ക് ദേശീയ അവാർഡുകൾ ലഭിച്ചു. മരം പദ്ധതി, ഹരിതതീരം പദ്ധതി, വഴിയോര തണൽമരം പദ്ധതി, ഹരിതകേരള പദ്ധതി, സുവർണ്ണ ഉദ്യാനം പദ്ധതി തുടങ്ങിയവ ആവിഷ്ക്കരിച്ചു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനംവകുപ്പ് വളരെയധികം നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. 12000 ഏക്കർ സ്ഥലം നീലക്കുറിഞ്ഞി സംരക്ഷണത്തിനുവേണ്ടി മാറ്റിവയ്ക്കാനും 17000 ഏക്കർ സ്ഥലം റിസർവ്വ് ഫോറസ്റ്റായി ഡിക്ലയർ ചെയ്യാനും സാധിച്ചു. ഇരവികുളം, മാങ്കുളം വനമേഖലകൾ റിസർവ്വ് ഫോറസ്റ്റായി ഡിക്ലെയർ ചെയ്തു. ലാന്റ് ബോർഡിന്റെ 1974-ലെ ഓർഡർ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആഗോളതാപനത്തെ സംബന്ധിച്ച് നിയമസഭ അംഗീ

കരിച്ച പ്രമേയത്തെക്കുറിച്ച് ധവളപത്രം ഇറക്കാൻ ഗവൺമെന്റ് തയ്യാറാകണം. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിക്കണം. കേന്ദ്ര സർക്കാരിൽ നിന്ന് പട്ടയം നൽകാനായി സംസ്ഥാന സർക്കാരിന് അനുവദിച്ച ഭൂമിയിൽ മാറിമാറി വന്ന സർക്കാരുകൾക്ക് പതിനായിരം ഹെക്ടറിന്റെ പട്ടയംപോലും കൊടുക്കാൻ സാധിച്ചിട്ടില്ല. പട്ടയം കൊടുത്തതുതന്നെ ഈ സ്ഥലം കൈമാറാൻ പറ്റാത്തവിധത്തിൽ 1993-ൽ കൊണ്ടുവന്ന സ്പെഷ്യൽ റൂൾസിലെ 15-ാം വകുപ്പ് ഉൾപ്പെടുത്തിക്കൊണ്ടാണ്. അൺകൺഡീഷണലായി പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഹൗസിംഗ് ബോർഡ് കോളനികൾ നിർമ്മിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സ്ഥലം കൂടി മാറ്റിവയ്ക്കണം. മത്സ്യത്തൊഴിലാളി മേഖലയിൽ കേന്ദ്രീയ നിലവാരമുള്ള സ്കൂളുകൾ അനുവദിക്കണം.

ശ്രീ. എ. എ. ഷുക്കൂർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ഫിഷറീസ് മേഖലയിൽ 3000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞ സർക്കാർ സുനാമി പദ്ധതി പ്രദേശങ്ങളിൽ കേന്ദ്രസഹായമായി ലഭിച്ചിട്ടുള്ള പണം ഉപയോഗിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. സുനാമി ഫണ്ടായി കേന്ദ്ര സർക്കാർ നൽകിയ 1445 കോടി രൂപയിൽ ചെലവഴിച്ച തുക വ്യക്തമായി പറയാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ഇതു സംബന്ധിച്ച് ഒരു ധവള പത്രമിറക്കാൻ സർക്കാർ തയ്യാറാകണം. എ.ഡി.ബി.യുടെ സഹായവും സർക്കാരിന് ലഭിച്ചിട്ടുണ്ട്. സുനാമി ഫണ്ടിൽപ്പെടുത്തി 500 കോടി രൂപയുടെ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചതിൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ പ്രയോജനമൊന്നും കിട്ടിയിട്ടില്ല. ആ മേഖലയിലെ ജപ്തി നടപടികൾ

തടയണം. കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഇച്ഛാശക്തിയോടുകൂടിയുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര സഹായംകൊണ്ട് മാത്രം കാര്യങ്ങൾ നടത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്/ജില്ല/മെഡിക്കൽകോളേജ് ആശുപത്രി എന്നിവയുടെ കെട്ടിടങ്ങളുടെ രൂപത്തിൽ ചില മാറ്റങ്ങൾ വരുത്തിയെന്നല്ലാതെ ആശുപത്രികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റു സ്റ്റാഫുകളെയും നിയമിക്കാനും മരുന്നുകൾ ലഭ്യമാക്കാനും സാധിച്ചിട്ടില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. മത്സ്യബന്ധനത്തിന് പോകുമ്പോൾ ആവശ്യമുള്ള സുരക്ഷാ കിറ്റ് നൽകണം. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്, ട്യൂഷൻ ഫീസ് എന്നീ ഇനങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ കുടിശ്ശികയാണുള്ളത്. കേന്ദ്ര പദ്ധതിയായ സുനാമി സ്കോളർഷിപ്പ് പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷത്തെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ കഴിഞ്ഞില്ല. ഈ പദ്ധതി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്താൻ നടപടി സ്വീകരിക്കണം. സുനാമി സ്കോളർഷിപ്പ് സമയബന്ധിതമായി കൊടുക്കണം. മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിനും വീടുകളുടെ മെയിന്റനൻസിനും നൽകുന്ന തുക വർദ്ധിപ്പിക്കണം.

<u>ശ്രീ. പി. വിശ്വൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുശക്തവും സജീവവുമായ മത്സ്യ സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കാൻ നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. മത്സ്യ ആഭ്യന്തര ഉല്പാദനം കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ഏകദേശം നൂറ് ശതമാനമാക്കാനും അതുവഴി

സംസ്ഥാനത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനും കഴിഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ കഴിയുന്ന നിയമങ്ങൾ പാസ്സാക്കി. മത്സ്യഫെഡ് 115 കോടി രൂപയുടെ കടം എഴുതിത്തള്ളി. മത്സ്യത്തൊഴിലാളി കടാശ്വാസത്തിന്റെ ആനുകൂല്യങ്ങൾ നിരവധിപേർക്ക് ലഭ്യമാക്കുകയും പലിശരഹിത വായ്പയിനത്തിൽ 13 കോടി രൂപ നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തു. 70000 വിദ്യാർത്ഥികൾക്ക് 23 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി. മത്സ്യ അനുബന്ധ മേഖലയായ പീലിംഗ് സെന്ററിലെ 13720 തൊഴിലാളികൾക്ക് 2000 രൂപ ധനസഹായം നൽകി. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മൂന്ന് വർഷത്തിനുള്ളിലും രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം ആറ് മാസത്തിനുള്ളിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മത്സ്യമേഖലയിൽ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കടലോര മേഖലയിൽ ആശ്വാസകരമായ നടപടികൾ സ്വീകരിച്ചതിലൂടെ സംഘർഷം കുറയ്ക്കാനും മത്സ്യത്തൊഴിലാളി സമൂഹത്തെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനും കഴിഞ്ഞു. മത്സ്യത്തൊഴിലാളി മേഖലയിൽ നേരിട്ടുപണിയെടുക്കുന്ന 280000 തൊഴിലാളികളുടേയും പതിനൊന്ന് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടേയും ഭൗതിക വളർച്ച ഉറപ്പുവരുത്താൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ആഗോള പാരിസ്ഥിതിക പ്രതിസന്ധി തരണം ചെയ്യാൻ റിസർവ്വ് വനങ്ങളുടെ വിസ്തൃതി വിപുലപ്പെടുത്താൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യമേഖലയുടെ സർവ്വതോന്മുഖമായ വികാസത്തിന് അടിത്തറ പാകി

ക്കൊണ്ടും മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തികൊണ്ടുമാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പെൻഷൻ, പാർപ്പിട സൗകര്യം, കടാശ്വാസ നടപടികൾ, ട്രോളിംഗ് സമയത്ത് സൗജന്യറേഷൻ, ഭവനനിർമ്മാണം, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങി ഒട്ടേറെ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. വനസംരക്ഷണ രംഗത്തും ഭവനനിർമ്മാണ രംഗത്തും നടപ്പിലാക്കിയ നടപടികൾ ശ്ലാഘനീയമാണ്. കാടുകൾ സംരക്ഷിക്കാൻ മാതൃകാപരമായ പ്രവർത്തങ്ങളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. 'എന്റെ മരം' പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് മണ്ഡലത്തിൽ ലക്ഷക്കണക്കിന് വൃക്ഷതൈകളാണ് വിതരണം ചെയ്തത്. വനസംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കണം. ഈ സർക്കാർ ചന്ദന മോഷ്ടാക്കളുടേയും മാഫിയകളുടേയും കയ്യിൽനിന്നും വനമേഖലയെ സംരക്ഷിക്കുന്നതിനും വനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. ഭവനനിർമ്മാണ വകുപ്പിനെ പുനരുജ്ജീവിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏകദേശം രണ്ടായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകി. സുനാമി പുനരധിവാസത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 260 വീടുകളുടെ നിർമ്മാണം സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. എല്ലാ വകുപ്പുകളിലും ജനോപകാരമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടു പോകുകയാണ്.

ശ്രീ. റ്റി.യു. കുരുവിള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ വനം വകുപ്പിൽ നിന്നും സൗജന്യമായി തടി നൽകണമെന്ന സർക്കാർ ഉത്തരവ് നടപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകണം. കോടനാട് റെയ്ഞ്ചിൽപ്പെട്ട വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം വീട് നഷ്ടപ്പെട്ടവർക്കും കൃഷി നശിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആലുവ-മൂന്നാർ റോഡിന്റെ പുനരുദ്ധാരണ നടപടികൾ ത്വരിതപ്പെടുത്തണം. വടാട്ടുപാറയിൽ നിന്നും കുട്ടമ്പുഴയ്ക്കുള്ള റോഡ് ടാർ ചെയ്യുന്നതിനോ കോൺക്രീറ്റ് ചെയ്യുന്നതിനോ എത്രയുംവേഗം അനുവാദം നൽകണം. ഹൗസിംഗ് ബോർഡിന്റെ പ്രോജക്ടുകൾ നടപ്പിലാക്കാൻ ഫൈനാൻസ് ഡിപ്പാർട്ട്മെന്റ് അനുവാദം നൽകാത്തതിന്റെ ഫലമായി കോടികളുടെ നഷ്ട മാണുണ്ടാകുന്നത്. മൈത്രീ ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് വായ്പയിനത്തിൽ ഹൗസിംഗ് ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള 150 കോടിയോളം രൂപ എഴുതിത്തള്ളാനും ഗവൺമെന്റ് വർക്കുകൾ ഹൗസിംഗ് ബോർഡിന് നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത് മൽസ്യത്തൊഴിലാളികൾക്ക് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യാനും എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാനും നടപടി സ്വീകരിച്ചു.

കടാശ്വാസ കമ്മീഷൻ രൂപികരിക്കുകയും ഹഡ്കോവഴി നൽകിയിട്ടുള്ള ഭവനനിർമ്മാണ വായ്പാ കുടിശ്ശിക എഴുതിതള്ളാനും പതിനായിരത്തോളം മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ ആധാരം തിരിച്ചു നൽകാനും നടപടി സ്വീകരിച്ചു. മൽസ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി മൽസ്യഫെഡ് വഴി നൽകിയ വായ്പ എഴുതിതള്ളുന്നതിനുള്ള നടപടികൾ പൂർത്തിയായി. സുനാമി പുനരധിവാസ പദ്ധതി പ്രകാരം മൽസ്യഫെഡിന്റെ സഹകരണസംഘങ്ങളും മൽസ്യത്തൊഴിലാളി ക്ഷേമ സംഘടനകളും വഴി നൽകുന്ന 15 കോടി രൂപയുടെ വായ്പ എഴുതിത്തള്ളാനും നടപടി സ്വീകരിച്ചു. സഹകരണ ബാങ്കുകളിൽ നിന്നും വാണിജ്യ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളും എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മൽസ്യബന്ധനത്തിനിടയിൽ അപകടമരണം സംഭവിക്കുകയോ കാണാതാകുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് കൊടുത്തുകൊണ്ടിരുന്ന ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കാണാതാകുന്നവരെ സംബന്ധിച്ചിടത്തോളം ഏഴുവർഷംവരെ ആനുകൂല്യം നൽകുന്നതിനുള്ള വ്യവസ്ഥയില്ലെന്ന് പറയുന്നത് ദു:ഖകരമാണ്. ഈ കാലയളവ് കുറച്ചുകൊണ്ട് അത്തരം ആളുകളുടെ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്ഥിരമായി അവശതയനുഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും ഭാഗികമായി അവശതയനുഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും നൽകുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരികയാണ്. മരണപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം ഒന്നര ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. തലച്ചുമടായി മൽസ്യം

കൊണ്ടുനടന്ന് വിൽപ്പന നടത്തുന്ന സ്ത്രീകൾക്ക് 5000 രൂപ പലിശയില്ലാത്ത വായ്പ നൽകുകയും അത് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 10000 രൂപയുടെ വായ്പ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇത് പുരുഷന്മാർക്കും കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അലങ്കാര മൽസ്യകൃഷി വ്യാപിപ്പിച്ചു. ഐ.എസ്.ആർ.ഒ-യുടെ സഹായത്തോടുകൂടി 20000 രൂപ വിലവരുന്ന സുരക്ഷാ ഉപകരണങ്ങൾ രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങൾക്കും സൗജന്യമായി കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് ഏഴായിരം പേർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. മൽസ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. മൽസ്യത്തൊഴിലാളി പെൻഷൻ 120 രൂപയിൽ നിന്ന് 300 രൂപയായി വർദ്ധിപ്പിച്ചു. വനത്തിന്റെ വിസ്തൃതിയിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. തോട്ടങ്ങളുടെ പാട്ടവ്യവസ്ഥ പരിഷ്ക്കരിച്ചു. വനനയം ആവിഷ്ക്കരിക്കാൻ കഴിഞ്ഞു. വനാവകാശ നിയമ പ്രകാരം ആദിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയം നൽകി. ഭവനനിർമ്മാണ വകുപ്പ് 41500 കുടുംബങ്ങൾക്കുള്ള 1100 കോടി രൂപയുടെ കടബാധ്യതകൾ തീർത്ത് രസീത് കൊടുത്തുകൊണ്ടിരിക്കുകയാണ്. 1960-ലെ ലാൻഡ് അസൈൻമെന്റ് ആക്ട് അനുസരിച്ചാണ് ഇടുക്കി ജില്ലയിൽ 1993-ൽ പട്ടയം നൽകിയിട്ടുള്ളത്. പട്ടയം നൽകുന്നതിന് കേന്ദ്ര വനംവകുപ്പ് 1995-ൽ മുന്നോട്ടുവച്ച 6 വ്യവസ്ഥ കളും കേരള ഗവൺമെന്റ് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് 2009-ൽ സുപ്രീം കോടതി അനുകൂലമായ വിധി പുറപ്പെടുവിക്കുകയുണ്ടായി. ഇടുക്കി, തൃശ്ശൂർ, പത്ത

നംതിട്ട, ആലപ്പുഴ, പാലക്കാട് ജില്ലകളിലെ കൃഷിക്കാർക്ക് ഉപാധിരഹിതമായി പട്ടയം കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മതം രാഷ്ട്രീയ ത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടുന്നതും തെരഞ്ഞെടുപ്പിൽ ജയി ക്കാൻ മതത്തെ ദുരുപയോഗം ചെയ്യുന്നതും വർഗ്ഗീയതയാണ്. മതവിശ്വാസ ത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങൾ അപലപനീയവും കാടത്തവുമാണ്.

ശ്രീ. വി.ഡി. സതീശൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ കടങ്ങളും എഴുതിത്തള്ളുമെന്നുള്ള പ്രതീക്ഷയിൽ തീരദേശ മത്സ്യത്തൊഴിലാ ളികൾ ബാങ്കുകളിൽനിന്ന് എടുത്ത വായ്പകൾ തിരിച്ചടയ്ക്കാത്തതിന്റെ ഫലമായി പലിശ വർദ്ധിക്കുകയും മത്സ്യത്തൊഴിലാളികൾ കടക്കെണി യിലാകുകയും പുതുതായി വായ്പയെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുമോ ഇല്ലയോ എന്നത് സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ പ്രഖ്യാപനം നടത്തണം. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുമായും എം.എൻ. ലക്ഷംവീട് പദ്ധതിയുമായും ഭവന നിർമ്മാണ വകുപ്പിന് യാതൊരു ബന്ധവുമില്ല. ഭവന നിർമ്മാണ വകുപ്പിനെ ധനകാര്യ വകുപ്പും തദ്ദേശസ്വയംഭ രണ വകുപ്പുംകൂടി ഹൈജാക്ക് ചെയ്തിരിക്കുകയാണ്. ഭവനനിർമ്മാണ ബോർഡിന് 1113 കോടി രൂപയുടെ ബാധ്യത നിലനിൽക്കുകയാണ്. 136 കോടി രൂപയുടെ സബ്സിഡി ഇനി തരില്ലെന്നാണ് ഭവന നിർമ്മാണ ബോർഡിനോട് സർക്കാർ പറഞ്ഞിരിക്കുന്നത്. 2060 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. ഹഡ്കോയുടെ കടബാധ്യത തീർക്കാൻ വായ്പാ ഗ്യാരന്റി നൽകുന്നില്ല. ബോർഡിന്റെ കൈവശമുള്ള വില

പിടിപ്പുള്ള ഭൂമി തരിശായി കിടക്കുകയാണ്. 300 കോടിയോളം രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തുകഴിഞ്ഞാൽ ഭവന നിർമ്മാണ ബോർഡിനുമുന്നിൽ മറ്റ് പണികളൊന്നും ഇല്ലാതെ ബോർഡിനെ പിരിച്ചുവിടേണ്ട സ്ഥിതി സംജാതമാകും. കഴിഞ്ഞ 4 വർഷത്തിനിടയിൽ വനഭൂമിയുമായി ബന്ധപ്പെട്ട് ഒരുപാട് കേസ്സുകളും വിവാദങ്ങളും ഉണ്ടായെങ്കിലും കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാനോ അപൂർവ്വമായ ജൈവവൈവിധ്യവും വ്യത്യസ്തമായ കാടുകളും സമ്പന്നമായ ജലസ്രോതസ്സുകളുമുള്ള പശ്ചിമതീര വനങ്ങളെ സംരക്ഷിക്കുന്നതിനോ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കയ്യേറ്റ ഭൂമിയെ റിസവ്വ് വനമാക്കാൻ സർക്കാരിന് സാധിച്ചില്ല. കെ.ഡി.എച്ച്-ലെ 17922 ഏക്കർ കയ്യേറ്റഭൂമി ഒഴിപ്പിച്ച് അത് വനഭൂമിയാക്കാനുള്ള പരിശ്രമം നടത്തണം. മൂന്നാറിൽ ടൂറിസം പദ്ധതിക്കുവേണ്ടി 1073 ഏക്കർ ഭൂമി അനുവദിക്കുന്നതിന് തടസ്സമൊന്നും ഉണ്ടായില്ല. 2008-ൽ വനം വകുപ്പുമന്ത്രി അംഗമായ മന്ത്രിസഭാ ഉപസമിതി യോഗംചേർന്ന് സെവൻമലയിലുള്ള 45 ഹെക്ടർ അടക്കമുള്ള സ്ഥലത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് തീരുമാനിച്ചു. നിലവിലുള്ള വനനിയമങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇത്തരം തീരുമാന മെടുത്തത്. നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിക്കുന്ന തീരുമാനം ഇപ്പോഴും യാഥാർത്ഥ്യമായിട്ടില്ല. മാങ്കുളം റിസർവ്വ് വനമായി പ്രഖ്യാപി ച്ചുവെങ്കിലും 18 ഭൂവുടമകൾ കേസ്സിനു പോയി. ഈ കേസ്സിൽ ഗവൺമെന്റിന് അനുകൂലമായി ഹൈക്കോടതിയുടെ പിൻബലമുണ്ടായിട്ടും ഇപ്പോഴും തുടർനടപടിക്രമങ്ങൾ വച്ചുതാമസിപ്പിക്കുകയാണ്. വാഗമണിലെ 1200 ഏക്കർ ഭൂമിയുടെ നടപടിക്രമങ്ങൾ ഇഴഞ്ഞുനീങ്ങുകയാണ്. അതിരപ്പിള്ളി

പദ്ധതിക്ക് വനം വകുപ്പ് എതിരാണോയെന്ന് വ്യക്തമാക്കണം. വനം സംരക്ഷിക്കുന്നതിൽ ഗവൺമെന്റ് തികച്ചും പരാജയപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സുനാമി പുനരധിവാസ പാക്കേജിന്റെ ഭാഗമായി കേരളത്തിന്റെ വിഹിതമായി 1441 കോടി രൂപയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. തുക ചെലവഴിച്ചതിനുശേഷം യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമ്പോഴാണ് തുക ലഭിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി ഇതുവരെ 1024 കോടി രൂപ ചെലവഴിച്ചു. 2010 ഡിസംബർ 31-ന് മുമ്പ് സുനാമി ഫണ്ട് പൂർണ്ണമായും ചെലവഴിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. വാസയോഗ്യമല്ലാത്ത സ്ഥലത്ത് മൽസ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു കൊടുത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ക്യാബിനറ്റ് സബ് കമ്മിറ്റി ആഴ്ചതോറും മോണിറ്റർ ചെയ്യുന്നു. സുനാമി ഫണ്ട് പ്രസ്തുത ആവശ്യത്തിനുതന്നെ ചെലവഴിക്കും സംസ്ഥാനത്തിനനുവദിക്കേണ്ട മണ്ണെണ്ണ യുടെ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചതിലൂടെ മൽസ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വന്നു. ഗാർഹികാവ ശ്യങ്ങൾക്ക് ലഭിക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ നിന്നാണ് ഇപ്പോൾ മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നത്. സംസ്ഥാനത്തിന് ലഭി ക്കേണ്ട മണ്ണെണ്ണയുടെ ക്വാട്ട പുന:സ്ഥാപിച്ചു കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കയറ്റുമതിക്കാർ കോടതിയെ സമീപിച്ചതിനെത്തു ടർന്ന് സെസ് നിയമമനുസരിച്ച് മൽസ്യത്തൊഴിലാളികൾക്ക് കിട്ടേണ്ടുന്ന ആനുകൂല്യം തടസ്സപ്പെട്ടിരിക്കുകയാണ്. എൻ. സി. ഡി. സി.-യിൽനിന്നും

മത്സ്യഫെഡ് എടുത്ത വായ്പയിൽ തിരിച്ചടയ്ക്കാനുള്ള 127 കോടി രൂപ റൈറ്റ് ഓഫ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഹൗസിംഗ് ബോർഡിൽനിന്നും ആധാരം പണയംവച്ച് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പയുടെ ബാദ്ധ്യത ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് അഞ്ചരക്കോടി രൂപയും മത്സ്യഫെഡ് അഞ്ചരക്കോടി രൂപയും വീതം അടച്ച് 11000 മത്സ്യത്തൊഴിലാളികളുടെ ആധാരം തിരിച്ചുനൽകുന്നതാണ്. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, എൻ.സി.ഡി.സി., പിന്നോക്ക വികസന കോർപ്പറേഷൻ, ന്യൂനപക്ഷ വികസന കോർപ്പറേഷൻ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ക്രെഡിറ്റ് സഹകരണസംഘങ്ങൾ എന്നീ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളും വള്ളം, വല, വിദ്യാഭ്യാസം, ചികിത്സാസഹായം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കെടുത്തിട്ടുള്ള വായ്പകളും നിയമത്തിൽ വിവക്ഷിക്കുന്നതുപോലെ കണക്കാക്കി ഇവയ്ക്ക് ആശ്വാസനടപടികൾ സ്വീകരിക്കാനുള്ള നടപടികളാണ് കടാശ്വാസ കമ്മീഷന്റെ രണ്ടാംഘട്ട നടപടികളുടെ പരിശോധനയിലുള്ളത്. കമ്മീഷൻ 9 ജില്ലകളിൽ ഇതിനോടകം സിറ്റിംഗ് നടത്തിക്കഴിഞ്ഞു. കമ്മീഷൻ റിപ്പോർട്ട് ജൂലായ് അവസാനത്തോടെ ഗവൺമെന്റിന് സമർപ്പിക്കും. അതിന്റെ അടിസ്ഥാനത്തിൽ ജൂലായ് അവസാനത്തോടെ കടാശ്വാസ നടപടിയുടെ രണ്ടാംഘട്ടം ഗവൺമെന്റ് തീരുമാനിക്കും. നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും ബ്ലേഡ് കമ്പനികളിൽനിന്നുമെടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് കമ്മീഷൻ പരിശോധിച്ച് നിശ്ചയിക്കുന്നതാണ്. കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ 9 ടാസ്ക്കുകളാണ് സ്വാമിനാഥൻ കമ്മീഷൻ റെക്കമെന്റ് ചെയ്തിട്ടുള്ളത്. അതിൽ 6

ടാസ്ക്കുകൾ 50 ലക്ഷം രൂപയിൽ താഴെയുള്ളതും സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതും സംസ്ഥാനത്ത് നിലവിലുള്ള ഓൺഗോയിംഗ് പ്രോജക്ടുമായി ബന്ധമുള്ളതാണ്. 3 ടാസ്കുകൾ 50 ലക്ഷം രൂപയ്ക്ക് മുകളിലാണ്, അത് കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ച് അംഗീ കാരം ലഭിച്ചു കഴിഞ്ഞു. കുട്ടനാടിനെ വ്യാപകമായി ബാധിച്ചിരിക്കുന്ന കുളവാഴ നശിപ്പിക്കാൻ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 23 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി ടെണ്ടർ വിളിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാ ളികൾക്കുള്ള സമാശ്വാസ പദ്ധതിയിൽ 600 രൂപ മത്സ്യത്തൊഴിലാളിയും 600 രൂപ സംസ്ഥാന ഗവൺമെന്റും 600 രൂപ കേന്ദ്രഗവൺമെന്റുമാണ് അട യ്ക്കേണ്ടത്. ഈ വർഷം മുതൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ സമാശ്വാസ പദ്ധതിയിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻ ഇറക്കിയിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം പുന:പരിശോധിക്കണമെന്ന് റിക്വസ്റ്റ് ചെയ്യാനും എ.പി.എൽ.-ന്റെ വിഹിതംകൂടി സംസ്ഥാന വിഹിതമായി അടച്ചുകൊണ്ട് സമാശ്വാസപദ്ധതി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പൂർണ്ണമായും നടപ്പിലാക്കാനും തീരുമാനി ച്ചിട്ടുണ്ട്. മാത്രമല്ല ഉൾനാടൻ മേഖലയിലുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികളുൾപ്പെടെ എ.പി.എൽ./ബി.പി.എൽ. എന്ന വ്യത്യാ സമില്ലാതെ ഒരുലക്ഷം പേർക്കുകൂടി ഈ പദ്ധതി നടപ്പിലാക്കാനും തീരുമാനി ച്ചിട്ടുണ്ട്. പനങ്ങാട് ഫിഷറീസ് കോളേജ് ആസ്ഥാനമായി ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് എന്ന സർവ്വകലാശാല ഈ വർഷം ആരംഭിക്കുന്നതാണ്.

പാങ്ങോട്, പത്തനംതിട്ട, ആലുവ, പരവൂർ എന്നിവിടങ്ങളിൽ 10 കോടി രൂപ മുടക്കി കേന്ദ്ര നാഷണൽ ഫിഷറീസ് ബോർഡിന്റെയും കൂടി അംഗീകാര ത്തോടെ ആധുനിക സംവിധാനത്തോടുകൂടിയുള്ള ഫിഷ് മാർക്കറ്റുകൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറൈൻ ബയോ ളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സ്ഥലം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കൂടിച്ചേർന്നുകൊണ്ട് 456 കോടി രൂപ ചെലവഴിച്ചുകൊണ്ട് ആരംഭിക്കുന്ന മറൈൻ ബയോളജിക്കൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഈവർഷംതന്നെ ആരംഭിക്കുന്ന താണ്. അഴീക്കലിൽ ആരംഭിച്ച വലനിർമ്മാണ ഫാക്ടറി ഈ വർഷം പണി പൂർത്തീകരിച്ചുകൊണ്ട് ഉത്തരകേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ വിലയ്ക്ക് വല ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. തെക്കൻ കേരളത്തിലും വലനിർമ്മാണ ഫാക്ടറി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയെ ലക്ഷ്യം വച്ചുകൊണ്ട് ജന കീയ മത്സ്യക്കൃഷിയുടെ ഭാഗമായി മത്സ്യകേരളം പദ്ധതി നല്ല റിസൽട്ടുണ്ടാ ക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ തനത് മത്സ്യമായി കരിമീനിനെ അംഗീകരിച്ച സ്ഥിതിക്ക് കരിമീനിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഈ വർഷം ഫിഷറീസ് ഡിപ്പാർട്ട്മെന്റ് കരിമീൻ വർഷമായി ആചരിച്ചുകൊണ്ട് കരിമീൻ വിത്തുൽപ്പാദനം, കരിമീൻ കൃഷി, കരിമീൻ ഫിഷ് ഫാമുകളുടെ പുനരുദ്ധാരണം, കർഷകർക്കുള്ള പരിശീലനം എന്നിവയ്ക്കായി രണ്ടര ക്കോടി രൂപ പ്രത്യേകമായി ചെലവഴിച്ചുകൊണ്ട് നടപ്പിലാക്കുകയാണ്. മത്സ്യ ഫെഡിന്റെ കീഴിൽ ആലപ്പുഴയിൽ 5 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഗ്ലൂക്കോസെമൻ ഫാക്ടറി ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. മഞ്ചേശ്വ

രം, വെള്ളയിൽ, പരപ്പനങ്ങാടി, താനൂർ, വലിയതുറ എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകൾ ഈ സാമ്പത്തികവർഷം ആരംഭിക്കും. തോട്ടപ്പള്ളി, അർത്തുങ്കൽ, കൊയിലാണ്ടി, ചെത്തി, പൊന്നാനി, തലായ്, ചെല്ലാനം എന്നീ ഫിഷിംഗ് ഹാർബറുകൾ ഈ വർഷം അവസാനത്തിനുമുമ്പുതന്നെ കമ്മീഷൻ ചെയ്യും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : ഈ രംഗത്തുണ്ടായ പുരോഗതിയേയും നേട്ടങ്ങളേയും ശക്തിപ്പെടുത്താനും ഈ ചർച്ചകളിലൂടെ ഉയർന്നുവന്ന സംശയങ്ങൾ സ്വാംശീകരിക്കാനും ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഈ കഴിഞ്ഞ നാലുവർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ വനവിസ്തൃതിയിലും റിസർവ്വ് വനവിസ്തൃതിയിലും വർദ്ധനവുണ്ടായത് ഈ ഗവൺമെന്റിനോടൊപ്പം സമൂഹംകൂടി കാണിച്ച ജാഗ്രത കൊണ്ടാണ്. കണ്ണൂർ ജില്ലയിൽ ഒരു സംഘം ആളുകൾ വളപട്ടണം പുഴയോരത്ത് കണ്ടൽക്കാടുകൾ കയ്യേറിയതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവിടെ അത്തരം നിർമ്മാണമൊന്നുമില്ലെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. സൈലന്റ്‌വാലി നാഷണൽ പാർക്കിന് ഒരു ബഫർ സോൺ സ്ഥാപിക്കുക എന്ന ലക്ഷ്യം ഈ ഗവൺമെന്റ് പ്രാവർത്തികമാക്കി. സൈലന്റ്‌വാലി ബഫർ സോണിനകത്ത് ഒരു റിസോർട്ടുമുണ്ടാക്കാൻ ആരെയും അനുവദിക്കുകയില്ല. എന്നാൽ സൈലന്റ്‌വാലി മേഖലയിൽ അന്യാധീനപ്പെട്ട ആദിവാസി ഭൂമിയിൽ റിസോർട്ടുള്ളതായി റിപ്പോർട്ട് കിട്ടുകയും അതേക്കുറിച്ച് അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് കയ്യേറ്റഭൂമിയിൽ നിന്നും പൊതുഭൂമിയെ കാത്തുരക്ഷിക്കാൻ എല്ലായ്പ്പോഴും ശ്രമിച്ചിട്ടുണ്ട്. നീലക്കുറിഞ്ഞി സാങ്ചറിക്ക് ബയോ ഡൈവേഴ്സിറ്റി ആംഗിളിലും അല്ലാതെയും പ്രാധാന്യ മുണ്ട്. കയ്യേറ്റ പ്രവണതയ്ക്ക് അടിപ്പെട്ട് പോകുമായിരുന്ന ആ പ്രദേശം

സംരക്ഷിക്കാൻ വേണ്ടിയുള്ള നിയമങ്ങൾ പ്രാവർത്തികമാക്കലായിരുന്നു ഗവൺമെന്റിന്റെ ഉദ്ദേശം. ആ പ്രദേശം സാങ്ച്വറിയായി പ്രഖ്യാപിച്ചപ്പോൾ ചില ചെറിയ കൃഷിക്കാരുടെ ഭൂപ്രദേശം കൂടി അതിൽ ഉൾപ്പെട്ടുപോയത് ഫൈനൽ സെറ്റിൽമെന്റ് വരുമ്പോൾ പരിഗണിക്കുന്നതാണ്. കയ്യേറ്റ ക്കാർക്കെതിരെയും കഞ്ചാവ് മാഫിയക്കെതിരെയും ഉറച്ച നിലപാട് സ്വീകരി ക്കുമ്പോൾ തന്നെ ചെറിയ കൃഷിക്കാരുടെ ജീവിതത്തിന് ബുദ്ധിമുട്ടുണ്ടാ ക്കുന്ന ഒരു നടപടിയുമുണ്ടാവില്ലെന്ന് ഗവൺമെന്റ് ഉറപ്പ് നൽകുന്നു. ആദിവാ സികളുടെ കാര്യത്തിൽ ഈ ഗവൺമെന്റിന് വ്യക്തമായ നിലപാടുണ്ട്. വനംവകുപ്പും റവന്യൂവകുപ്പും ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫല മായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഫോറസ്റ്റ് റൈറ്റ്സ് ആക്ട് ഇവിടെ വിജ യകരമായി നടപ്പിലാക്കപ്പെടുകയാണ്. സമയബന്ധിതമായി അവകാശികൾക്ക് ഭൂമി ലഭിക്കാനാവശ്യമായതെല്ലാം ഈ ഗവൺമെന്റ് ചെയ്യും. വനാവകാശ നിയമപ്രകാരവും ഇ.എം.എസ്.സ്കീം പ്രകാരവും എം.എൻ സ്കീം പ്രകാ രവും വീട് വയ്ക്കുന്ന ആദിവാസികൾക്ക് തടി സൗജന്യമായി കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റാണിത്. ഈ സർക്കാർ ആദിവാസികൾക്കുവേണ്ടി യാണ് നിലകൊള്ളുന്നത്. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം അപേക്ഷ കൊടുത്തശേഷം ഏതെങ്കിലും വനംവകുപ്പ് ഉദ്യോഗസ്ഥൻ തടി കൊടുക്കാൻ മടിച്ചാൽ അതിനെ ഗവൺമെന്റ് ഗൗരവമായി പരിഗണി ക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യും. വനം വകുപ്പ് തടി വ്യാപാരം ഇപ്പോൾ സുതാര്യമാക്കിയതിന്റെ ഫലമായി ഈ നാല് വർഷക്കാലയളവിൽ 686 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. വനവിഭവങ്ങളുടെ വിപണന ത്തിനുവേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റേറ്റ്

ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി യാഥാർത്ഥ്യമാവുകയും അതിന്റെ ആഭിമുഖ്യത്തിൽ വനശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികളുടെ ചെറുകിട വനവിഭവങ്ങൾ സംഭരിക്കാനും സംസ്ക്കരിക്കാനും വിപണനം ചെയ്യാനുമുള്ള പുതിയ ഒരു പദ്ധതിയായി അത് മാറിക്കഴിഞ്ഞിട്ടുണ്ട്. വരുന്ന മൂന്ന് മാസങ്ങൾക്കുള്ളിൽ 12 പുതിയ വിപണന സ്റ്റാളുകൾ സ്ഥാപിക്കുമെന്ന കാര്യം സഭയെ അറിയിക്കുന്നു. ഇൻഡ്യയിൽ ആദ്യമായി കാവുകളെ സംരക്ഷിക്കാനായി ഒരു പദ്ധതി കൊണ്ടുവന്നു. ശബരിജലം എന്ന പദ്ധതിയും വനംവകുപ്പ് പുതുതായി നടപ്പിലാക്കിയിട്ടുണ്ട്. ശബരിമലയിലെ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കാൻ വേണ്ടിയുള്ള ഒരു പരീക്ഷണമാണ് ഈ പദ്ധതി. കുടിവെള്ള വിതരണരംഗത്തുള്ള സ്വകാര്യ കമ്പനികൾ വനംവകുപ്പിന്റെ ഈ നടപടി സ്വീകരിച്ചുകൊണ്ട് ഒരു ബൈബാക്ക് സിസ്റ്റം ഉണ്ടാക്കിയാൽ ശബരിമലയിലെ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുവാൻ കഴിയും. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തോട്ടങ്ങളുടെ പാട്ടനിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസി ക്ഷേമത്തിനുവേണ്ടി പഞ്ചായത്തു സെക്രട്ടറിമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൽ വീഴ്ച വരുത്താൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹാരിസൺസ് കമ്പനി പാട്ടവ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ മുപ്പിവാലിയിലെ 6000 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിന് സർക്കാർ നോട്ടീസ് കൊടുക്കുകയും കമ്പനി കോടതിയിൽ പോവുകയും ചെയ്തിട്ടുണ്ട്. 1974-ലെ ലാൻഡ് ബോർഡ് അവാർഡ് പ്രകാരം വനവൽക്കരിക്കപ്പെടാൻവേണ്ടി മാറ്റപ്പെട്ട കെ.ഡി.എച്ച്. ഭൂമിയിൽ സർക്കാർ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വനംവകുപ്പും സർക്കാരും നടത്തിയ അന്വേഷണത്തിൽ അവിടെ കയ്യേറ്റക്കാർ ആരും തന്നെ

യില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ആ ഭൂമിയിൽ നിന്ന് കുറച്ചു സ്ഥലം കൃഷി, ഡയറി ഡവലപ്മെന്റ്, ഹൗസിംഗ് എന്നിവയ്ക്കായി മാറ്റിവച്ചുകൊണ്ട് 17,000-ത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഗവൺമെന്റ് പ്രഖ്യാപനം ഉടൻതന്നെയുണ്ടാകും. അനധികൃതകയ്യേറ്റങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുകയില്ല. കടലുണ്ടി-വള്ളിക്കുന്ന് മേഖലയിൽ ദേശാടന പക്ഷികൾക്കായി ഒരു റിസർവ് ഉണ്ടാകാൻ പോകുകയാണ്. അത് സമൂഹമായിരിക്കും നിയന്ത്രിക്കുന്നത്. കോട്ടൂരിൽ നാട്ടാനകൾക്കു വേണ്ടിയുള്ള സെന്റർ ഉടൻതന്നെയുണ്ടാകും. മലയാറ്റൂരിനടുത്തുള്ള കാപ്രിക്കാട്ട് പരുക്കേറ്റ വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനായി അഭയാരണ്യം എന്ന പേരിൽ ഒരു കേന്ദ്രം ആരംഭിക്കുന്നതാണ്. ദേശീയ പക്ഷിയായ മയിലിനുവേണ്ടിയും കേരളത്തിൽ ഒരു സങ്കേതം തുടങ്ങുന്നതാണ്. രണ്ടാമത്തെ കടുവ സങ്കേതം പറമ്പിക്കുളത്ത് വന്നിട്ടുണ്ട്. കഞ്ചാവ് കൃഷി തുടച്ചുനീക്കുന്നതിന് സർക്കാർ ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട്. ഏതെങ്കിലും കാടിനകത്ത് സംഘടിതമായ കഞ്ചാവ് ലോബിയുണ്ടെന്ന് ഒരു പത്രപ്രവർത്തകനോ പൊതു പ്രവർത്തകനോ സർക്കാരിനെ അറിയിച്ചാൽ അവർക്ക് സർക്കാർ ഇനാം നൽകുന്നതായിരിക്കും. പൊതുമേഖലയിൽ ഒരു ചന്ദന ഫാക്ടറി തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കാടുകളുടെ മുഖ്യകേന്ദ്രമായ മറയൂർ സംരക്ഷിക്കുന്നതിനായി പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ഡോഗ് സ്ക്വാഡിന് രൂപം നൽകുന്നതാണ്. ഫോറസ്റ്റ് അക്കാഡമി 2010 സെപ്റ്റംബർ മാസത്തോടുകൂടി പ്രവർത്തനമാരംഭിക്കുന്നതാണ്. സൈലന്റ് വാലിയിൽ ഇന്ദിരാഗാന്ധി ബയോ ഡൈവേഴ്സിറ്റി റിസർച്ച് സെന്റർ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് വന്യജീവികളുടെ

ആക്രമണത്തിൽ മരണമടയുന്നവർക്കുള്ള നഷ്ടപരിഹാരത്തുക രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്. പാമ്പ് കടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പന്നി, കുരങ്ങ്, മയിൽ തുടങ്ങിയവ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നതാണ്. പരിസ്ഥിതിയും വികസനവും നടക്കണം എന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. അതിരപ്പിള്ളി അടക്കമുള്ള ഏത് വികസന പദ്ധതിക്കുവേണ്ടിയും പരിസ്ഥിതി ചവിട്ടി മെതിക്കപ്പെടാൻ പാടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉറച്ച നിലപാട്. അതോടൊപ്പം വികസനം നടപ്പാക്കുന്നതിലുള്ള പൊതുനിലപാട് പ്രാവർത്തികമാക്കുകയും വേണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം 32-നെതിരെ 73 വോട്ടുകളോടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 32-നെതിരെ 74 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.